ഭരണഭാഷ - മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എ. മുരളീധരൻ)

തിരുവനന്തപുരം.

നം. 23017/19/ഇ6/ഡി.പി. തീയതി: 22.10.2019

വിഷയം :- അച്ചടി വകുപ്പ്-ജീവനക്കാര്യം-ബൈന്റിംഗ് വിഭാഗം-ശ്രീ.പി.കെ.ബിജുവിനെ ജോലിയിൽ പ്രവേശിപ്പിച്ചും ശ്രീമതി. രാജി. പി. പൊന്നപ്പന്റെ സ്ഥാനക്കയറ്റം റദ്ദ് ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-1. അച്ചടി വകുപ്പ് ഡയറക്ടറുടെ 14.10.19-ലെ 25/2019/ഇ6/ഡി.പി. നമ്പർ ഉത്തരവ്.

2. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ 17.10.19-ലെ എ-14929/16 നമ്പർ ഉത്തരവ്.

3. ശ്രീ.പി.കെ.ബിജുവിന്റെ 18.10.2019-ലെ അപേക്ഷ

## ഉത്തരവ്

അച്ചടി വകുപ്പിലെ ഷൊർണ്ണൂർ ഗവ: പ്രസ്സിലെ ഒന്നാം ഗ്രേഡ് ബയന്ററും കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവന്നിരുന്നയാളുമായ ശ്രീ.പി.കെ.ബിജുവിന്റെ അന്യത്രസേവനം അവസാനിപ്പിച്ചും 17.10.2019-ന് വിടുതൽ ചെയ്തു കൊണ്ടും പരാമർശം(2) പ്രകാരം ഉത്തരവായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ അച്ചടി വകുപ്പിൽ ഒന്നാം ഗ്രേഡ് ബൈന്റർ തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ വാഴൂർ ഗവ: പ്രസ്സിലെ രണ്ടാം ഗ്രേഡ് ബൈന്ററായിരുന്ന ശ്രീമതി. രാജി പി. പൊന്നപ്പന് ഉദ്യോഗക്കയറ്റം നൽകിയ പരാമർശം (1) ലെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ശ്രീ. പി.കെ.ബിജുവിനെ 18.10.2019 പൂർവ്വാഹ്നത്തിൽ തിരുവനന്തപുരം ഗവ: സെൻട്രൽ പ്രസ്സിൽ ഒന്നാം ഗ്രേഡ് ബൈന്റർ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ചും ഉത്തരവാകുന്നു. ശ്രീമതി. രാജി. പി.പൊന്നപ്പൻ വിനിയോഗിച്ച പ്രവേശനകാലം രണ്ടാം ഗ്രേഡ് ബൈന്റർ തസ്തികയിലെ സർവ്വീസ് ആയി കണക്കാക്കേണ്ടതാണ്.

(ഒപ്പ്)

അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക് /
ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ,
കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്,
പാലക്കാട്

പകർപ്പ്:- ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം /
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ: പ്രസ്സ്, വാഴൂർ, ഷൊർണ്ണൂർ /
അക്കൗണ്ട്സ് ഓഫീസർ / സീനിയർ സൂപ്രണ്ട് / ഓഫീസർ മാനേജർ/
ജൂനിയർ സൂപ്രണ്ട് ഇ II, ജിസിപി, എ 2/ ജി സി പി ഇ7 സീറ്റ് , എ8 സീറ്റ്/
ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എം.കെ.23.10